**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **02-02-2026 - ൽ മറുപടിയ്ക്ക്**

**യുവജന ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് യുവജനക്ഷേമത്തിനായി കേരള സംസ്ഥാന യുവജന കമ്മീഷനും കേരള സംസ്ഥാന യുവജന ബോർഡും മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ പറയുന്നവയാണ്.<br><br>**കേരള സംസ്ഥാന യുവജന കമ്മീഷൻ**<br><br>(i) കോളേജുകൾ, വായനശാലകൾ സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ<br><br>(ii) ജില്ലാതല അദാലത്തുകൾ<br><br>(iii) ദേശീയ സെമിനാർ<br><br>(iv) യൂത്ത് ഐക്കൺ അവാർഡ്.<br><br>(v) പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ ക്യാമ്പ്<br><br>(vi)യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'<br><br>(vii) ഇ.എം.എസ് മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗം, ചെസ്സ് എന്നീ മത്സരങ്ങളും യുവജനദിന പരിപാടികളും<br><br>(viii) യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം<br><br>ഗ്രീൻ യൂത്ത് പദ്ധതി<br><br>യുവകർഷക സംഗമം<br><br>ജോബ് ഫെസ്റ്റുകൾ<br><br>(ix) സ്ത്രീധനത്തിനെതിരെയും ലഹരിയ്ക്കെതിരെയും ബോധവൽക്കരണ ക്യാമ്പെയിൻ/കലാജാഥ, |

| | | | |
|---|---|---|---|
| | | | നിയമപരമായ സഹായം, കൌൺസെലിംഗ്.<br><br>**<u>കേരള സംസ്ഥാന യുവജന ബോർഡ്</u>**<br><br>കേരള സംസ്ഥാന യുവജന ബോർഡ് മുഖേന നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി 2021 മുതൽ 2026 വരെ സർക്കാർ അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള സംസ്ഥാന യുവജന കമ്മീഷന് അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം - II ആയും കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന് അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം - III ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2021 മുതൽ 2025 വരെ നടത്തിയ പ്രവർത്തനങ്ങൾ

### 1. കേരളോത്സവം

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖല യിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പി ക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്.

കേരളോത്സവം പ്രാഥമിക തല മത്സരങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലും ജില്ലാതലത്തിലും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സര ങ്ങളിൽ വിജയിച്ചവർ സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു. സംസ്ഥാനതല മത്സര ങ്ങളിൽ 5000 ത്തോളം കലാ-കായിക പ്രതിഭകൾ തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കുന്നു. കേരളോ ത്സവ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, പ്രൈസ് മണി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളോത്സവം സംഘടിപ്പിക്കുന്നതിന് ഗ്രാന്റും അനുവദിച്ചു വരുന്നു. ഗ്രാമ, ബ്ലോക്ക്, മുൻസിപ്പൽ, കോർപ്പറേഷൻ, ജില്ല, സംസ്ഥാന തലങ്ങളിലായി 5 ലക്ഷത്തിൽ അധികം യുവ കലാ-കായിക പ്രതിഭകൾ കേരളോത്സവത്തിൽ പങ്കെടുക്കുന്നു. കേരളോത്സവത്തിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ടി ബ്ലോക്ക്തലങ്ങൾ മുതൽ സംസ്ഥാനതലം വരെ കേരളോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന യൂത്ത് ക്ലബ്ബുകൾക്ക് അവാർഡുകൾ നൽകുന്നു.

ടി പരിപാടിക്കായി ചെലവായ തുക (ജില്ലാടിസ്ഥാനത്തിൽ)

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 32,59,990/- |
| 2 | കൊല്ലം | 69,86,535/- |
| 3 | പത്തനംതിട്ട | 57,21,525/- |
| 4 | ആലപ്പുഴ | 67,06,035/- |
| 5 | കോട്ടയം | 64,53,885/- |
| 6 | ഇടുക്കി | 56,96,865/- |
| 7 | എറണാകുളം | 72,48,035/- |
| 8 | തൃശ്ശൂർ | 78,03,585/- |
| 9 | പാലക്കാട് | 69,02,685/- |
| 10 | മലപ്പുറം | 93,19,625/- |
| 11 | കോഴിക്കോട് | 65,07,535/- |
| 12 | വയനാട് | 45,35,635/- |
| 13 | കണ്ണൂർ | 63,27,035/- |
| 14 | കാസർഗോഡ് | 50,55,135/- |

## 2.യൂത്ത് ക്ലബ്ബുകൾ

### 1) 'കതിർ' ക്ലബ്ബുകൾ

കതിർ-കാർഷിക ക്ലബ്ബുകളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി 14 ജില്ലകൾക്കും ധനസഹായം അനുവദിച്ചു.

**ചെലവായ തുക സംബന്ധിച്ച വിവരം (ജില്ലാടിസ്ഥാനത്തിൽ)**

| ക്രമ നം. | ജില്ല | തുക |
|---|---|---|
| 1. | തിരുവനന്തപുരം | 1,22,500 |
| 2. | കൊല്ലം | 97,500 |
| 3. | പത്തനംതിട്ട | 97,500 |
| 4. | ആലപ്പുഴ | 97,500 |
| 5. | കോട്ടയം | 97,500 |
| 6. | ഇടുക്കി | 97,500 |
| 7. | എറണാകുളം | 97,500 |
| 8. | തൃശ്ശൂർ | 97,500 |
| 9. | പാലക്കാട് | 97,500 |
| 10. | മലപ്പുറം | 97,500 |
| 11. | കോഴിക്കോട് | 97,500 |
| 12. | വയനാട് | 97,500 |
| 13. | കണ്ണൂർ | 97,500 |
| 14. | കാസർഗോഡ് | 97,500 |
| | ആകെ | 13,90,000/- |

യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 'കതിർ' എന്ന പേരിൽ 10 കാർഷിക ക്ലബ്ബുവീതം 14 ജില്ലകളിലുമായി ആകെ 140 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രാഥമിക പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഈ ക്ലബ്ബുകളെ ഉൾപ്പെടുത്തി കാർഷികമത്സരങ്ങൾ സംഘടിപ്പിക്കുന്നു.കൂടാതെ ജില്ലകളിൽ യുവ കർഷകസംഗമവും കാർഷികോൽപ്പന്ന പ്രദർശനവും കർഷകസംബന്ധമായ ക്ലാസുകളും സംഘടിപ്പിക്കുന്നു.

### 2) 'അവളിടം' ക്ലബ്ബുകൾ

യുവതീശാക്തീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരെണ്ണം എന്ന നിലയിലും കോർപ്പറേഷനിൽ 2 എണ്ണം എന്ന നിലയിലും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 'അവളിടം' എന്ന പേരിൽ 1040 യുവതീ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധനത്തിനെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരായ ബോധവൽക്കരണ പരിപാടി, സ്ത്രീ സുരക്ഷ സംബന്ധിച്ച നിയമങ്ങളെ കുറിച്ച് അവബോധമുണ്ടാക്കുന്ന പരിപാടികൾ,സ്ത്രീകളെ സ്വയം പര്യാപ്തരാക്കുന്ന തയ്യൽ, ഡി.റ്റി.പി, മൊബൈൽ റിപ്പയറിംഗ്, മാസ്ക് നിർമ്മാണം, സാനിറ്റൈസർ നിർമ്മാണം, കേക്ക് നിർമ്മാണം, ആഭരണനിർമ്മാണം, എംബ്രോയിഡറി വർക്സ്, ഹെൽത്ത് ഫ്രണ്ട്ലൈൻ സർവ്വീസ് എന്നിവയുടെ

പരിശീലനങ്ങൾ തുടങ്ങിയവയാണ് യുവതി ക്ലബ്ബിലൂടെ നടത്തുന്നത്. യുവതി ക്ലബ്ബുകളുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5,000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. യുവതി ക്ലബ്ബുകളുടെ സഹകരണത്തോടെ ലഹരിക്കെതിരായ കലാ ജാഥ സംഘടിപ്പിക്കുന്നു.

ടി പരിപാടിക്കായി ചെലവായ തുക (ജില്ലാടിസ്ഥാനത്തിൽ)

## അവളിടം ക്ലബ്ബ് (യുവതി ക്ലബ്ബ്)

| ക്രമ നമ്പർ | ജില്ല | ഇനം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | തൊഴിൽ പരിശീലനം & ഗ്രാന്റ് - ഓണറേറിയം | 10,01,010/- |
| 2 | കൊല്ലം | " | 8,37,780/- |
| 3 | പത്തനംതിട്ട | " | 13,38,893/- |
| 4 | ആലപ്പുഴ | " | 8,01,120/- |
| 5 | കോട്ടയം | " | 7,98,330/- |
| 6 | ഇടുക്കി | " | 6,58,600/- |
| 7 | എറണാകുളം | " | 9,03,800/- |
| 8 | തൃശ്ശൂർ | " | 6,47,240/- |
| 9 | പാലക്കാട് | " | 16,29,000/- |
| 10 | മലപ്പുറം | " | 13,81,400/- |
| 11 | കോഴിക്കോട് | " | 5,07,250/- |
| 12 | വയനാട് | " | 4,40,500/- |
| 13 | കണ്ണൂർ | " | 10,60,500/- |
| 14 | കാസർഗോഡ് | " | 6,05,060/- |
| | ആകെ | | 1,26,10,483/- |

### 3) 'YES' ക്ലബ്ബുകൾ

ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി 'YES' എന്ന പേരിൽ സംസ്ഥാനത്ത് ആകെ 14 ക്ലബ്ബുകൾ രൂപീകരിക്കുന്നു. 15 നും 40 നും മദ്ധ്യേ പ്രായമുള്ള ബുദ്ധിപരമായി വൈകല്യമുള്ളവരാണ് (Intellctually disabled) ഈ ക്ലബ്ബിലെ അംഗങ്ങൾ. രക്ഷാധികാരികൾ അടങ്ങിയ ഒരു സമിതിയായിരിക്കും ഈ ക്ലബ്ബിന്റെ ഭാരവാഹികൾ.

### 4) 'മാരിവില്ല്' ക്ലബ്ബ്

ട്രാൻസ്ജെന്റർ ക്ലബ്ബുകളുടെ രൂപീകരണത്തിനായി 14 ജില്ലകൾക്കും ധനസഹായം അനുവദിച്ചു.

ചെലവായ തുക സംബന്ധിച്ച വിവരം (ജില്ലാടിസ്ഥാനത്തിൽ)

| ക്രമ നം. | ജില്ല | തുക |
|---|---|---|
| 1. | തിരുവനന്തപുരം | 5000 |
| 2. | കൊല്ലം | 5000 |
| 3. | പത്തനംതിട്ട | 5000 |
| 4. | ആലപ്പുഴ | 5000 |
| 5. | കോട്ടയം | 5000 |
| 6. | ഇടുക്കി | 5000 |

| | | |
|---|---|---|
| 7. | എറണാകുളം | 5000 |
| 8. | തൃശ്ശൂർ | 5000 |
| 9. | പാലക്കാട് | 5000 |
| 10. | മലപ്പുറം | 5000 |
| 11. | കോഴിക്കോട് | 5000 |
| 12. | വയനാട് | 5000 |
| 13. | കണ്ണൂർ | 5000 |
| 14. | കാസർഗോഡ് | 5000 |
| | **ആകെ** | **70,000/-** |

ട്രാൻസ്ജെന്റർ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ തൊഴിൽ പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു.
3 മേഖലകൾ തിരിച്ചാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്.
മേഖല 1 - കാസർഗോഡ് ക്യാമ്പ് - ചെലവായ തുക - 3,27,276/- രൂപ
മേഖല 2 - തൃശൂർ ക്യാമ്പ് - ചെലവായ തുക - 3,11,362/- രൂപ
മേഖല 3 - തിരുവനന്തപുരം ക്യാമ്പ് - ചെലവായ തുക - 3,70,045/- രൂപ

ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു ട്രാൻസ് ജെൻഡർ ക്ലബ്ബ് എന്ന നിലയിൽ സംസ്ഥാനത്താകെ 'മാരിവില്ല്' എന്ന പേരിൽ 14 ക്ലബ്ബുകൾ രൂപീകരിച്ചു. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5000 രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ട്രാൻസ്ജൻഡേഴ്സ് വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി ജില്ലാ, സംസ്ഥാനാടിസ്ഥാനത്തിൽ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

## 5) യൂത്ത്-യുവാക്ലബ്ബുകൾക്ക് ധനസഹായം

യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളിലും യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളിലും നിന്ന് കഴിഞ്ഞ 1 വർഷം പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന യൂത്ത് ക്ലബ്ബുകൾക്ക് ക്ലബ്ബുകളുടെ തുടർപ്രവർത്തനത്തിനായി ധനസഹായം നൽകി. കൂടാതെ കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു.

ടി പരിപാടിക്കായി ജില്ലാടിസ്ഥാനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ഇനം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | ധനസഹായ വിതരണം | 1,85,000/- |
| 2 | കൊല്ലം | " | 1,85,000/- |
| 3 | പത്തനംതിട്ട | " | 1,45,000/- |
| 4 | ആലപ്പുഴ | " | 2,00,000/- |
| 5 | കോട്ടയം | " | 1,95,000/- |
| 6 | ഇടുക്കി | " | 1,75,000/- |
| 7 | എറണാകുളം | " | 2,10,000/- |
| 8 | തൃശ്ശൂർ | " | 2,10,000/- |
| 9 | പാലക്കാട് | " | 1,90,000/- |

| | | | |
|---|---|---|---|
| 10 | മലപ്പുറം | ,, | 1,85,000/- |
| 11 | കോഴിക്കോട് | ,, | 2,05,000/- |
| 12 | വയനാട് | ,, | 1,75,000/- |
| 13 | കണ്ണൂർ | ,, | 1,75,000/- |
| 14 | കാസർഗോഡ് | ,, | 2,10,000/- |
| | ആകെ | | 26,45,000/- |

## 3) മണിനാദം (കലാഭവൻ മണി മെമ്മോറിയൽ നാടൻ പാട്ട് മത്സരം)

പ്രശസ്ത നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും ജില്ല - സംസ്ഥാനതല നാടൻപാട്ട് മത്സരം - മണിനാദം എന്ന പേരിൽ സംഘടിപ്പിച്ചുവരുന്നു. കലാഭവൻമണിയുടെ ചരമദിനമായ മാർച്ച് 6-ന് അദ്ദേഹത്തിന്റെ ജന്മനാടായ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ വച്ചാണ് മണിനാദം സംസ്ഥാന തല മത്സരം സംഘടിപ്പിക്കുന്നത്. ജില്ലാതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടിയ ടീമുകൾക്ക് യഥാക്രമം 25,000, 10,000, 5,000 രൂപ വീതം പ്രൈസ്മണി നൽകുന്നു.

സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടിയ ടീമുകൾക്ക് യഥാക്രമം 1,00,000, 75,000, 50,000 രൂപ വീതം പ്രൈസ്മണി നൽകുന്നു.

ടി പരിപാടിക്കായി ജില്ല - സംസ്ഥാനാടിസ്ഥാനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ

<u>ജില്ലാതലം</u>

1. തൃശ്ശൂർ ജില്ല ഒഴികെയുള്ള മറ്റ് 13 ജില്ലകളും ജില്ലാതല മത്സര സംഘാടനത്തിനായി 36,27,500/- രൂപ ചെലവഴിച്ചു.
2. തൃശ്ശൂർ ജില്ല ടി പരിപാടിക്കായി 47,500/- രൂപ ചെലവഴിച്ചു.

<u>സംസ്ഥാനതലം</u>

തൃശ്ശൂർ ജില്ലയിൽ വച്ചാണ് സംസ്ഥാനതല മത്സരം സംഘടിപ്പിച്ചത്. ഇതിനായി ആകെ 26,42,000/- രൂപ ചെലവഴിച്ചു.

## 4) സ്വാമിവിവേകാനന്ദൻ യുവ പ്രതിഭ പുരസ്കാരം

സമൂഹത്തിലെ വിവിധ മേഖലകളിൽ മാതൃകാപരമായി പ്രവർത്തനം കാഴ്ചവയ്ക്കുന്ന യുവജനങ്ങളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വാമി വിവേകാനന്ദന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം. സാമൂഹ്യപ്രവർത്തനം, മാധ്യമ പ്രവർത്തനം (പ്രിൻറ് മീഡിയ, ദൃശ്യമാധ്യമം), കല, സാഹിത്യം, കായികം (വനിത, പുരുഷൻ), സംരംഭകത്വം, കൃഷി, ഫോട്ടോഗ്രാഫി എന്നീ മേഖലകളിലെ മികച്ച പ്രവർത്തനം നടത്തിയ വ്യക്തി കൾക്കാണ് പുരസ്ക്കാരം നൽകുന്നത്. അതോടൊപ്പം സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂത്ത് ക്ലബ്ബുകൾക്കും യുവാ ക്ലബ്ബുകൾക്കും അവളിടം ക്ലബ്ബുകൾക്കും (യുവതി ക്ലബ്ബുകൾ) പുരസ്ക്കാരം നൽകുന്നു.

അവാർഡിനർഹരാകുന്ന വ്യക്തികൾക്ക് 50,000 രൂപയും പ്രശസ്തി പത്രവും മൊമെന്റോയും നൽകുന്നു. ജില്ലയിലെ മികച്ച യൂത്ത് - യുവാ- അവളിടം ക്ലബ്ബുകൾക്ക് 30,000/- രൂപയും

സംസ്ഥാനത്തെ മികച്ച യൂത്ത് - യുവാ - അവളിടം ക്ലബ്ബുകൾക്ക് 50,000 രൂപയും പ്രശസ്തി പത്രവും മൊമെന്റോയും നൽകുന്നു.

ടി പദ്ധതി സംസ്ഥാനാടിസ്ഥാനത്തിലാണ് സംഘടിപ്പിക്കുന്നത്. പ്രസ്തുത പരിപാടിക്ക് 43,10,541/- രൂപ ചെലവഴിച്ചു.

## 5) യുവമാധ്യമ സെമിനാർ

സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമരംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും, യുവമാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി യുവജനക്ഷേമ ബോർഡ് യുവമാധ്യമ സെമിനാർ സംഘടിപ്പിച്ചു.

ടി പദ്ധതി സംസ്ഥാനാടിസ്ഥാനത്തിലാണ് സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിക്ക് 27,00,000/- രൂപ ചെലവഴിച്ചു.

## 6.) ശാസ്ത്ര ക്വിസ്സ് – *Brain Battle*

യുവജനങ്ങളിൽ ശാസ്ത്ര - ചരിത്ര ബോധവും, യുക്തിചിന്തയും വളർത്തുക, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി ശാസ്ത്രാവബോധം വളത്തുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്താകമാനം വിവിധ തലങ്ങളിലായി യുവജനക്ഷേമ ബോർഡ് ശാസ്ത്ര ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ചു. ഹൈസ്കൂൾ തലത്തിലുള്ളവരെ ഉൾപ്പെടുത്തിയാണ് ശാസ്ത്ര ക്വിസ് സംഘടിപ്പിച്ചത്.

<u>ശാസ്ത്ര ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ച വിവിധ തലങ്ങൾ :</u>

ഹൈസ്കൂൾ തലം (പ്രാഥമികതലം), നിയമസഭാതലം, ജില്ലാതലം, സംസ്ഥാനതലം

ഹൈസ്കൂൾ തലത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രാഥമികതല സെലക്ഷൻ മത്സരങ്ങൾ സംഘടിപ്പിച്ചു. ഹൈസ്കൂൾ പ്രാഥമികതല മത്സരത്തിൽ നിന്നും ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമുകളെ ഉൾപ്പെടുത്തി അടുത്ത തലമായ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള മത്സരം സംഘടിപ്പിച്ചു.

നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ 1, 2 സ്ഥാനം ലഭിക്കുന്ന ടീമിന് ഒന്നാം സമ്മാനമായി 2,000 രൂപയും രണ്ടാം സമ്മാനമായി 1,000 രൂപയുമാണ് ക്യാഷ് പ്രൈസായി നൽകിയത്.

രണ്ടാംഘട്ട മത്സരത്തിലെ (നിയമസഭാ നിയോജമണ്ഡലം) ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിന് ജില്ലാതല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നു. ജില്ലാതല മത്സരത്തിൽ 1, 2 സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് യഥാക്രമം 10,000, 5,000 എന്നിങ്ങനെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മെമന്റോയും നൽകുകയുണ്ടായി.

ജില്ലാതല മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടീമിനെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കുന്നു. Brain Battle എന്ന പേരിലാണ് സംസ്ഥാനതല മത്സരം സംഘടിപ്പിച്ചത്. സംസ്ഥാനതല മത്സരത്തിൽ 1, 2 സ്ഥാനം ലഭിക്കുന്ന ടീമിന് യഥാക്രമം 1 ലക്ഷം, 50,000 എന്നിങ്ങനെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നു. സംസ്ഥാനതല മത്സരത്തിൽ ഓരോ ജില്ലയേയും പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന ബാക്കി 12 ടീമുകൾക്ക് പ്രോത്സാഹന സമ്മാനമായി 5,000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

ടി പരിപാടിക്കായി ചെലവഴിച്ച തുക (ജില്ലാടിസ്ഥാനത്തിൽ)

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 12,89,000/- |
| 2 | കൊല്ലം | 4,91,000/- |
| 3 | പത്തനംതിട്ട | 4,48,000/- |
| 4 | ആലപ്പുഴ | 4,19,000/- |
| 5 | കോട്ടയം | 4,19,000/- |
| 6 | ഇടുക്കി | 2,75,000/- |
| 7 | എറണാകുളം | 13,59,000/- |
| 8 | തൃശ്ശൂർ | 5,63,000/- |
| 9 | പാലക്കാട് | 5,27,000/- |
| 10 | മലപ്പുറം | 6,71,000/- |
| 11 | കോഴിക്കോട് | 5,63,000/- |
| 12 | വയനാട് | 2,03,000/- |
| 13 | കണ്ണൂർ | 11,01,000/- |
| 14 | കാസർഗോഡ് | 2,75,000/- |

## 7) സാഹിത്യ ക്യാമ്പ്

യുവ സാഹിത്യക്കാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനാടിസ്ഥാന ത്തിൽ രണ്ട് സാഹിത്യ ക്യാമ്പുകൾ (വടക്കൻ മേഖല, തെക്കൻ മേഖല) സംഘടിപ്പിച്ചു. ആകെ 100 പ്രതിനിധികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. ക്യാമ്പ് അംഗങ്ങളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി പുസ്ത കവും പ്രസിദ്ധീകരിക്കുന്നു.

ടി പദ്ധതി സംസ്ഥാനാടിസ്ഥാനത്തിലാണ് സംഘടിപ്പിച്ചത്. പ്രസ്തുത പദ്ധതിയ്ക്കായി 37,34,920/- രൂപ ചെലവഴിച്ചു.

## 8) നീന്തൽ പരിശീലനം

സംസ്ഥാനത്തെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ യുവജനങ്ങൾക്കായി നീന്തൽ പരി ശീ ലനം സംഘടിപ്പിച്ചു.

പരിപാടിയ്ക്കായി ജില്ലാ അടിസ്ഥാനത്തൽ അനുവദിച്ച തുക

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 1,40,000/- |
| 2 | കൊല്ലം | 1,10,000/- |
| 3 | പത്തനംതിട്ട | 50,000/- |
| 4 | ആലപ്പുഴ | 90,000/- |
| 5 | കോട്ടയം | 90,000/- |
| 6 | ഇടുക്കി | 50,000/- |
| 7 | എറണാകുളം | 1,40,000/- |
| 8 | തൃശ്ശൂർ | 1,30,000/- |
| 9 | പാലക്കാട് | 1,20,000/- |

| | | |
|---|---|---|
| 10 | മലപ്പുറം | 1,60,000/- |
| 11 | കോഴിക്കോട് | 1,30,000/- |
| 12 | വയനാട് | 30,000/- |
| 13 | കണ്ണൂർ | 1,10,000/- |
| 14 | കാസർഗോഡ് | 50,000/- |
| | ആകെ | 14,00,000/- |

## 9) ഷോർട്ട്ഫിലിം ഫെസ്റ്റിവൽ (റീൽസ്)

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ റീൽസ് - 2021 എന്ന പേരിൽ ഷോർട്ട് ഫിലിം ഫെസ്റ്റിവെൽ സംഘടിപ്പിച്ചു. ഓൺലൈനായി ലഭിച്ച ഷോർട്ട് ഫിലിമുകളിൽ നിന്നും പ്രാഥമിക സ്ക്രീനിംഗ് നടത്തി നിശ്ചിത എണ്ണം ഫൈനൽ മത്സരത്തിലേക്ക് തിരഞ്ഞെടുക്കുകയും, തിരഞ്ഞെടുത്തവയുടെ പ്രദർശനം നടത്തി അവയിൽ നിന്ന് ഓരോ മേഖലയിലേയും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരെ നിശ്ചയിച്ച് അവർക്ക് യഥാക്രമം 50,000, 25,000, 15,000 എന്നിങ്ങനെ ക്യാഷ് പ്രൈസും മൊമെന്റോയും നൽകി.

സംസ്ഥാനാടിസ്ഥാനത്തിലാണ് ഈ പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിക്കായി 7,75,277/- രൂപ ചെലവഴിക്കുകയുണ്ടായി.

## 10) കായിക പരിശീലനവും മത്സരങ്ങളും

**1)ഫുഡ്ബോൾ മത്സരം :** 'വേണ്ട മയക്കുമരുന്ന് ലോകകപ്പിനെ വരവേൽക്കാം' എന്ന മുദ്രാവാക്യമുയർത്തി കായിക മത്സരങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സെവൻസ് ഫുട്ബോൾ മത്സരം എല്ലാ ജില്ലകളിലും നടന്നു.

ടി പരിപാടിക്കായി സംസ്ഥാനത്തെ ഓരോ ജില്ലയും 90,000/- രൂപ വീതം ചെലവഴിച്ചു.

14 ജില്ലകൾക്കുമായി ആകെ ചെലവഴിച്ച തുക = 14 X 90,000 = 12,60,000/-

**2)വോളിബോൾ മത്സരം :** No To Drugs എന്ന മുദ്രാവാക്യമുയർത്തി സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തി വരുന്ന 'ലഹരി വിരുദ്ധ കാംപയിന്റെ ഭാഗമായി മാലൂർ വോളി സംഘാടക സമിതിയുമായി ചേർന്ന് നടത്തുന്ന അഖിലേന്ത്യാ വോളി മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെ കണ്ണൂർ മാലൂരിൽ വച്ച് സംഘടിപ്പിച്ചു. ടി പരിപാടി സംസ്താനതലത്തിലാണ് സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിക്കായി 3,95,000/- രൂപ ചെലവഴിച്ചു.

**3) കബഡി മത്സരം :** സംസ്ഥാന കബഡി ചാമ്പ്യൻഷിപ്പ് മാർച്ച് 17, മുതൽ 19 വരെ കാസർഗോഡ് ജില്ലയിൽ വച്ച് സംഘടിപ്പിച്ചു. ടി പരിപാടി സംസ്ഥാനാടിസ്ഥാനത്തിലാണ് സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിക്കായി 4 ലക്ഷം രൂപ ചെലവഴിച്ചു.

## 11) വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ

വനിതകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി ബോധവൽക്കരണം, നിയമാവബോധം, സ്ത്രീധനം, സ്ത്രീ സുരക്ഷ തുടങ്ങിയ വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അവ

ളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ 4 ക്ലാസ്സുകൾ വീതം 14 ജില്ലകളിലും സംഘടിപ്പിച്ചു. 14 ജില്ലകളിലുമായി 3000 ഓളം യുവതികൾ ക്ലാസ്സുകളിൽ പങ്കെടുത്തു.

ടി പദ്ധതിയ്ക്കായി സംസ്ഥാനത്തെ ഓരോ ജില്ലകളും 30,000/- രൂപ വീതം ചെലവഴിച്ചു.

14 ജില്ലകൾക്കുമായി ആകെ ചെലവഴിച്ച തുക = 14 X 30,000 = 4,20,000/-

## 12) ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ എ13 ഫുട്ബോൾ അക്കാഡമിയും, കെയർ&ഷെയർ ഇന്റർ നാഷണൽ ഫൗണ്ടേഷനും സംയുക്തമായി അട്ടപ്പാടിയിൽ ആരംഭിക്കുന്ന ഫുട്ബോൾ അക്കാഡമിയിലേക്കുള്ള സെലക്ഷൻ ട്രയൽ അഗളി പഞ്ചായത്ത് സ്റ്റേഡിയത്തിൽ വെച്ച് ഫെബ്രുവരി 12ന് നടന്നു. ദേശീയ താരങ്ങൾ ആയ സി കെ വിനീത്, റിനോ ആന്റോ എന്നിവർ സെലക്ഷൻ ക്യാംപിന്നേതൃത്വം നല്കി. 300 ൽ പരം കുട്ടികൾ സെലക്ഷന് വേണ്ടി എത്തിച്ചേർന്നു.

## 13) സാഹസിക പ്രവർത്തനങ്ങൾ

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന ദേവികുളം ദേശീയ സാഹസിക അക്കാദമിയുടെയും, കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് സ്ഥിതി ചെയ്യുന്ന ദേശീയ സാഹസിക അക്കാദമി ഉപകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് താഴെ പറയുന്ന സാഹസിക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

1)ട്രക്കിങ്ങ്

മൂന്നാർ, കണ്ണൂർ ദേശീയ സാഹസിക അക്കാദമിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ ട്രക്കിംഗ് പോയിന്റുകളായ ചെമ്പ്രക്കൊടുമുടി, കൊളുക്കുമല, പൈതൽമല, റാണിപുരം, ആറളം വന്യജീവി സങ്കേതം, കാഞ്ഞിരക്കൊല്ലി എന്നിവിടങ്ങളിലേക്ക് ട്രക്കിംഗ് സംഘടിപ്പിച്ചു.

2)സാഹസിക ക്യാമ്പ്

യുവജനങ്ങളിൽ സാഹസിക മനോഭാവം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സാഹസിക ഇനങ്ങളിൽപ്പെട്ട കരാധിഷ്ഠിത ഇനങ്ങളായ റോപ്പ് അഡ്വഞ്ചർ ഇനങ്ങളുടെ പരിശീലനം ഉൾപ്പെടുത്തിക്കൊണ്ടുള്ള സാഹസിക ക്യാമ്പ് യുവജനങ്ങൾക്കായി സംഘടിപ്പിച്ചു. റോപ്പ് അഡ്വഞ്ചർ ഇനങ്ങൾ കൂടാതെ യോഗ, പ്രഥമശുശ്രൂഷ, ദുരന്ത നിവാരണ ക്ലാസ്, വ്യക്തിത്വ വികസന ക്ലാസ്സ്, അഡ്വഞ്ചർ ഗെയിംസ് തുടങ്ങിയ ഇനങ്ങളും സാഹസിക ക്യാമ്പിൽ ഉൾപ്പെടുത്തുകയുണ്ടായി.

ടി പദ്ധതികൾക്കായി ആകെ 12,04,700/- രൂപ ചെലവഴിച്ചു.

## 14) ലഹരി വിരുദ്ധ ക്യാമ്പയിൻ

NO TO DRUGS എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളികളായിട്ടുണ്ട്.

1) കൂട്ടയോട്ടം : NO TO DRUGS എന്ന മുദ്രാവാക്യമുയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെയുള്ള പ്രതിരോധ പരിപാടിയുടെ പ്രചരണാർത്ഥം ഒക്ടോബർ 23 ന് 14 ജില്ലാ കേന്ദ്രങ്ങളിലും വിപുലമായ കൂട്ടയോട്ടം സംഘടിപ്പിച്ചു. വ്യത്യസ്ത മേഖലകളിലെ പ്രഗത്ഭരായ യുവജനങ്ങളും ഈ കൂട്ടയോട്ടത്തിൽ അണിചേർന്നു.

പരിപാടിയ്ക്കായി ജില്ലാ അടിസ്ഥാനത്തിൽ അനുവദിച്ച തുക

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 10,000/- |
| 2 | കൊല്ലം | 10,000/- |
| 3 | പത്തനംതിട്ട | 10,000/- |
| 4 | ആലപ്പുഴ | 10,000/- |
| 5 | കോട്ടയം | 10,000/- |
| 6 | ഇടുക്കി | 10,000/- |
| 7 | എറണാകുളം | 10,000/- |
| 8 | പാലക്കാട് | 10,000/- |
| 9 | മലപ്പുറം | 10,000/- |
| 10 | കോഴിക്കോട് | 10,000/- |
| 11 | വയനാട് | 10,000/- |
| 12 | കണ്ണൂർ | 10,000/- |
| 13 | കാസർഗോഡ് | 10,000/- |
| | **ആകെ** | **1,40,000/-** |

2) **സൈക്കിൾ/ബൈക്ക് റാലി** : ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയായി ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26 ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത് -യുവ ക്ലബ്, ട്രാൻസ്ജെന്റർ ക്ലബ്, അവളിടം യുവതീ ക്ലബ്ബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിക്കുകയുണ്ടായി.

2). **ഐ.റ്റി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ** : 2022 നവംബർ 10 ന് എറണാകുളം ജില്ലയിലെ ഇൻഫോ പാർക്കിൽ വച്ചും 2022 നവംബർ 17 ന് തിരുവനന്തപുരം ടെക്നോ പാർക്കിൽ വച്ചും ലഹരിക്കെതിരായി ഐ.റ്റി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. ഐടി ജീവനക്കാരുടെ റാലി, ഗോൾ ചലഞ്ച്, ഫ്ളാഷ് മോബ് എന്നിവ ഈ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.

പരിപാടിയ്ക്കായി അനുവദിച്ച തുക

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 15,000/- |
| 2 | എറണാകുളം | 10,000/- |
| | **ആകെ** | **25,000/-** |

4) **ലഹരി വിരുദ്ധ കലാ ജാഥ**

സമൂഹത്തിന് ഏറ്റവും വലിയ വിപത്തായി മാറിയിരിക്കുന്നത് മയക്കുമരുന്നുകളുടെ ഉപയോഗമാണ്.യുവാക്കളാണ് ലഹരി മരുന്നിന് കൂടുതൽ അടിമപ്പെടുന്നതും. തുടർച്ചയായ

ബോധ വൽക്കരണത്തിലൂടെ ലഹരിമുക്ത ഗ്രാമങ്ങളും കുടുംബങ്ങളും ക്ലബ്ബുകളും വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

14 ജില്ലകളിലും സംഘടിപ്പിക്കുന്ന ലഹരിക്കെതിരെയായുള്ള കലാജാഥ നിയമസഭാ മണ്ഡലങ്ങളിൽ പര്യടനം നടത്തി. ഓരോ ജില്ലയിലും 20 യുവതികൾ അടങ്ങുന്ന സംഘമാണ് കലാജാഥയിൽ ഉള്ളത്. ഈ കലാജാഥയിൽ തെരുവ് നാടകം, തെരുകൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഓരോ നിയമസഭാമണ്ഡലങ്ങളിലും സ്കൂൾ, കോളേജ്, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിപാടികൾ സംഘടിപ്പിച്ചു.

**ലഹരി വിരുദ്ധ കലാ ജാഥ പരിശീലനം**
**പരിപാടിയ്ക്കായി ജില്ലാ അടിസ്ഥാനത്തിൽ അനുവദിച്ച തുക**

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 52,000/- |
| 2 | കൊല്ലം | 52,000/- |
| 3 | പത്തനംതിട്ട | 52,000/- |
| 4 | ആലപ്പുഴ | 52,000/- |
| 5 | കോട്ടയം | 52,000/- |
| 6 | ഇടുക്കി | 52,000/- |
| 7 | എറണാകുളം | 52,000/- |
| 8 | പാലക്കാട് | 52,000/- |
| 9 | മലപ്പുറം | 52,000/- |
| 10 | കോഴിക്കോട് | 52,000/- |
| 11 | വയനാട് | 52,000/- |
| 12 | കണ്ണൂർ | 52,000/- |
| 13 | കാസർഗോഡ് | 52,000/- |
| | **ആകെ** | **6,76,000/-** |

ലഹരി വിരുദ്ധ കലാ ജാഥ
**പരിപാടിയ്ക്കായി ജില്ലാ അടിസ്ഥാനത്തിൽ അനുവദിച്ച തുക**

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 4,00,000 |
| 2 | കൊല്ലം | 3,00,000 |
| 3 | പത്തനംതിട്ട | 2,00,000 |
| 4 | ആലപ്പുഴ | 3,00,000 |
| 5 | കോട്ടയം | 3,00,000 |
| 6 | ഇടുക്കി | 3,00,000 |
| 7 | എറണാകുളം | 4,00,000 |
| 8 | തൃശ്ശൂർ | 4,00,000 |
| 9 | പാലക്കാട് | 4,00,000 |
| 10 | മലപ്പുറം | 4,00,000 |
| 11 | കോഴിക്കോട് | 4,00,000 |
| 12 | വയനാട് | 2,00,000 |

| | | |
|---|---|---|
| 13 | കണ്ണൂർ | 3,00,000 |
| 14 | കാസർഗോഡ് | 3,00,000 |
| | **ആകെ** | **46,00,000/-** |

**5) സിനിമാ നിർമ്മാണ ശിൽപശാല** : സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി, ചെങ്കൽചൂള കോളനി (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കായി Real to Reel എന്ന പേരിൽ ഒരാഴ്ച നീണ്ടു നിന്ന സിനിമാ നിർമ്മാണ ശിൽപശാല സംഘടിപ്പിച്ചു. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിച്ചിട്ടുണ്ട്.

സംസ്ഥാനാടിസ്ഥാനത്തിലാണ് ടി പരിപാടി സംഘടിപ്പിച്ചത്. ഇതിനായി 3,90,000/- രൂപ ചെലവഴിച്ചു.

## 15) പരീക്ഷാ പരിശീലന പദ്ധതി

സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ അവർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. മാറുന്ന ഈ സാഹചര്യത്തിൽ യുവജനക്ഷേമ ബോർഡ് ഡിജിറ്റൽ പ്ലാറ്റ് ഫോമുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഓൺലൈൻ മുഖാന്തിരം ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ബോർഡിന്റെ ഔദ്യോഗിക ഫേയ്സ്ബുക്ക് പേജ് വഴിയും പരിശീലന ക്ലാസ്സുകൾ നൽകുന്നു. പി.എസ്.സി, യു.പി.എസ്.സി, റയിൽവേ, സിവിൽ സർവ്വീസ് തുടങ്ങിയ മത്സരപരീക്ഷകൾക്കും കരിയർ ഡവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും ഓൺലൈൻ മുഖാന്തിരം പരിശീലനം നൽകുന്നു.

ടി പരിപാടിക്കായി 2,43,460/- രൂപ ചെലവഴിച്ചു.

## 16) ദിനാചരണങ്ങൾ

ദേശീയ യുവജനദിനാഘോഷം, ഗാന്ധിജയന്തി, പരിസ്ഥിതിദിനാചരണം, ലഹരിവിരുദ്ധ ദിനാചരണം, വനിതാദിനാചരണം എന്നീ ദിനങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും ആചരിക്കുന്നത്. പ്രസ്തുത ദിനാചരണങ്ങൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നു. സെമിനാറുകൾ, ക്വിസ് മത്സരം, വൃക്ഷത്തൈനടൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു. എല്ലാ യൂത്ത് ക്ലബ്ബുകളുടെയും സഹകരണത്തോടെ പ്രാദേശിക വിഭവങ്ങളെയും ഉൾപ്പെടുത്തിയാണ് പദ്ധതി സംഘടിപ്പിച്ചത്.

ടി പരിപാടിയ്ക്കായി ആകെ 5,95,000/- രൂപ ചെലവഴിച്ചു.

## 17) ഫിഫ വേൾഡ്കപ്പ് വിളംബര ജാഥയും അനുബന്ധ പരിപാടികളും

2022 നവംബർ, ഡിസംബർ മാസങ്ങളിൽ ഖത്തറിൽ വച്ച് നടന്ന ഫിഫ ലോകകപ്പ് ഫുട്ബോളിനെ വരവേൽക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 140 മണ്ഡലങ്ങളിലെയും ക്ലബ്ബുകളുടെ സഹകരണത്തോടെ ബിഗ്സ്ക്രീൻ പ്രദർശനവും, 14 ജില്ലാ കേന്ദ്രങ്ങളിലും വിളംബര ജാഥയും സംഘടിപ്പിച്ചു.

## 18) ഓൺലൈൻ ഡെലിവറി സംവിധാനം

ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയുള്ള കച്ചവടങ്ങൾക്ക് പ്രാദേശികമായി ഡെലിവറി സംവിധാനം ഒരുക്കുന്ന പദ്ധതിയാണിത്. കേരളത്തിലെ ഓരോ ചെറിയ പ്രദേശത്തും പ്രവർത്തിക്കുന്ന ചെറുകിട കച്ചവടക്കാർക്ക് ഉൾപ്പെടെ ഓൺലൈൻ സംവിധാനങ്ങളിലൂടെ കച്ചവടം നടത്തുവാനും ഇവർക്ക് ഹോം ഡെലിവറി ഉറപ്പാക്കുവാനും അതുവഴി ഓരോ പ്രദേശത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

## 19) ടീം കേരള - കേരള യൂത്ത് ഫോഴ്സ്

യുവജനങ്ങളുടെ ചിന്തയും കർമ്മശേഷിയും സമൂഹത്തിന് ഉപയോഗപ്പെടുത്തുക, യുവാക്കളെ സന്നദ്ധ സേവന രംഗത്തേയ്ക്ക് കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളോടെ യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ടീം കേരള. പ്രകൃതിദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്നത് മാത്രമല്ല, മയക്കുമരുന്നിനെതിരായും സമൂഹത്തെ ബാധിക്കുന്ന അപകടകരമായ പ്രവണതകൾക്കെതിരായും നാടിന്റെ വികസനോൻമുഖമായ പ്രവർത്തനങ്ങളിൽക്കൂടി യുവജനങ്ങളെപങ്കാളികളാക്കുക എന്നതുമാണ് ഈ സേനയുടെ ഉദ്ദേശ്യം.

പ്രളയകാലത്തും കോവിഡ് കാലത്തും നടത്തിയ പ്രവർത്തനങ്ങളിൽ ഇച്ഛാശക്തിയും കർമ്മശേഷിയും സാമൂഹികബോധവുമുള്ള യുവജനങ്ങളുടെ സേവനം ഈ സേനയിലൂടെ പരമാവധി ഉപയോഗപ്പെടുത്താൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സാധിച്ചു. സംസ്ഥാനത്തുണ്ടായ പ്രളയ രക്ഷാപ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങളെ സഹായിക്കുന്നതിനും, കളക്ഷൻ സെന്ററുകൾ ആരംഭിച്ച് അതുവഴി ദുരിതമനുഭവിക്കുന്നവർക്ക് അവശ്യസാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും ഈ സേനക്ക് സാധിച്ചിട്ടുണ്ട്. ഈ സേന കോവിഡ് കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്തതാണ്.

ടീം കേരളയുടെ പ്രവർത്തനം താഴെ തട്ടിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 17,500 സേനാംഗങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞു. ഇവരിൽ നിന്നും 1034 പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ ക്യാപ്റ്റന്മാരെ തെരഞ്ഞെടുക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. പോലീസ്, ഫയർ & റെസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ് വകുപ്പ്, ആരോഗ്യവകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ഫസ്റ്റ് എയ്ഡ്, കായിക പരിശീലനം, ബോധവൽക്കരണ ക്ലാസുകൾ, വ്യക്തിത്വ വികസനം, പാലിയേറ്റീവ്കെയർ എന്നീ മേഖലകളിലാണ് പരിശീലനം നൽകിയത്.

പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ ക്യാപ്റ്റന്മാർക്കു പുറമെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 2800 സേനാംഗങ്ങൾക്ക് കൂടി പരിശീലനം നൽകുകയുണ്ടായി. ഇവർക്ക് യൂണിഫോമും സജ്ജമാക്കിയിട്ടുണ്ട്.

പഞ്ചായത്ത്തല സേനയിൽ രജിസ്റ്റർ ചെയ്ത 17500 പേരിൽ നിന്നും ശാസ്ത്രീയമായി പരിശീലനം ലഭിച്ച 2131 ടീം കേരള സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡും നടത്തുകയുണ്ടായി.

ടീം കേരളയുടെ രൂപീകരണം, എമർജൻസി റസ്പോൺസ് ടീം പരിശീലനം എല്ലാ ജില്ലകളിലും പരിശീലനം സിദ്ധിച്ച വോളന്റിയേഴ്സിനെ ഉപയോഗിച്ച് സമൂഹത്തിന് ഉപകാരപ്രദമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നു.

**ജില്ലാതലത്തിൽ ടീം കേരള ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

- പുഴ, തോട് ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ വീണ്ടെടുക്കലും സംരക്ഷണവും
- ആശുപത്രി, സ്കൂൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, മറ്റു പൊതുഇടങ്ങൾ എന്നിവയുടെ ശുചീകരണവും സംരക്ഷണവും
- പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള രൂപങ്ങളുടെ നിർമ്മാണം
- വിവിധ ഹെൽപ്പ് ഡെസ്ക്കുകൾ

- ബോധവൽക്കരണ പരിപാടികൾ
- ബീച്ച് ക്ലീനിംഗ്
- സർവ്വേകൾ
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ
- ഡിസാസ്റ്റർ മാനേജ്മെന്റ്
- സാമൂഹ്യനന്മയ്ക്കുവേണ്ടിയുള്ള മറ്റ് വിവിധ പ്രവർത്തനങ്ങൾ

ടി പരിപാടിക്കായി 5,33,97,500/- രൂപ ചെലവഴിച്ചു.

## 20) ചലച്ചിത്ര ക്യാമ്പും ചലച്ചിത്ര നിർമ്മാണവും

സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവ ചലച്ചിത്ര പ്രവർത്തകർക്കായി സ്ക്രിപ്റ്റ് ടു സ്ക്രീൻ എന്ന പേരിൽ ചലച്ചിത്ര ക്യാമ്പ് സംഘടിപ്പിച്ചു.

സിനിമയുടെ സമസ്ത മേഖലകളെയും സ്പർശിച്ച് അതത് രംഗത്തെ പ്രതിഭാശാലികളെ ഉൾക്കൊള്ളിച്ചുകൊണ്ട് മൂന്നു നാൾ നീണ്ടു നിൽക്കുന്ന ശില്പശാലയാണ് ഒരുക്കിയത്. സിനിമയിൽ താല്പര്യമുള്ള ചെറുപ്പക്കാരെ തിരഞ്ഞെടുത്തു തിരക്കഥ മുതൽ തിരശ്ശീല വരെയുള്ള നാൾവഴികൾ പരിചയപ്പെടുത്തുകയും അഭിരുചിയും കഴിവുമുള്ള യുവതലമുറയെ ചലച്ചിത്ര ലോകത്തേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുക എന്ന് ഉദ്ദേശത്തോടെയാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.

ക്യാമ്പിൽ പങ്കെടുത്തവരെ ഉൾപ്പെടുത്തി ചലച്ചിത്ര നിർമ്മാണവും സംഘടിപ്പിച്ചു. ഇതിനായി ആകെ 10,73,000/- രൂപ ചെലവഴിച്ചു.

## 21) കേരളീയം

സംസ്ഥാന സർക്കാർ 2023 നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന കേരളീയം 23 സാംസ്കാരികോത്സവത്തിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പരിപാടികൾ അവതരിപ്പിച്ചു. കേരളീയം 2023 ന്റെ ഭാഗമായി ഫ്ളാഷ്മോബ്, മ്യൂസിക് ബാന്റ് എന്നിവ വിവിധ ദിവസങ്ങളിലായി തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരിപ്പിച്ചു.

ടി പരിപാടിക്കായി 3,30,000/- രൂപ ചെലവഴിച്ചു.

## 22)മുഖ്യമന്ത്രിയും യുവജനങ്ങളുമായുള്ള മുഖാമുഖം പരിപാടി

വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുമായി മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടി 2024 ഫെബ്രുവരി 20 ന് തിരുവനന്തപുരം, കവടിയാർ ഉദയ് പാലസിൽ വച്ച് സംഘടിപ്പിച്ചു. പരിപാടിയിൽ 37 മേഖലകളിൽ നിന്നുമായി സംസ്ഥാനത്തെ 2000-ത്തോളം യുവതീ-യുവാക്കൾ പങ്കെടുത്തു.

ടി പരിപാടിക്കായി ആകെ 18,11,119/- രൂപ ചെലവഴിച്ചു.

## 23) യുവശക്തി

കേരളത്തിന്റെ വികസനത്തിന് യുവജനങ്ങളെയും യുവജന കൂട്ടായ്മകളെയും ഉപയുക്തമാക്കി യുവജനക്ഷേമ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ് യുവശക്തി പദ്ധതിയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിയിൽ യുവജനക്ഷേമത്തിനും യുവജനക്ഷേമ ബോർഡിനും പങ്കാളിത്തം ഉറപ്പാക്കുക, ഉൽപ്പാദന മേഖലയിൽ ഉൾപ്പെടെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും യുവജനങ്ങളേയും യുവജന ക്ലബ്ബുകളേയും ഉപയോഗപ്പെടുത്തുക, സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹ

നവും സഹായങ്ങളും നൽകുക, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളും പദ്ധതികളും സമൂഹത്തിന്റെ താഴെതട്ടിൽ വരെ എത്തിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ യൂത്ത് ക്ലബ്ബുകളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുകയും ചെയ്യുക, കാലാകാലങ്ങളിൽ യുവജനക്ഷേമ ബോർഡ് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ നിർദ്ദേശങ്ങൾക്കനുസരിച്ച് സമയബന്ധിതമായും ചിട്ടയോടും നടപ്പാക്കുക, കേരളോത്സവം, യുവജനക്ഷേമ ബോർഡിന്റെ മറ്റ് പരിപാടികൾ, പദ്ധതികൾ എന്നിവയ്ക്ക് വേണ്ടത്ര പ്രചാരവും യുവജന പങ്കാളിത്തവും ഉറപ്പാക്കുക, യുവാക്കളിൽ സാംസ്കാരിക ബോധം, ചരിത്ര പഠനം, ശാസ്ത്രീയ ചിന്ത, മതേതരത്വം, ദേശീയോദ്ഗ്രഥനം തുടങ്ങിയവ വളർത്തിയെടുക്കുക, വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ യുവജനങ്ങൾക്ക് പ്രോത്സാഹനവും നേതൃത്വവും നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രക്രിയകളിൽ യുവജനക്ഷേമത്തിനും യുവജനക്ഷേമ ബോർഡിനും വേണ്ട പ്രാധിനിത്യം ഉറപ്പാക്കുക, കാലാകാലങ്ങളിൽ സംസ്ഥാന യുവജനക്ഷേമ ബോർഡ് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിക്കുന്ന വിവിധ ക്ലബ്ബുകളുടെ (അഫിലിയേഷൻ പൂർത്തിയാക്കിയത്) രജിസ്ട്രേഷൻ നടപടികൾക്കും പ്രവർത്തനങ്ങൾക്കും സഹായം നൽകുക എന്നിവ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഉത്തരവാദിത്തങ്ങളാണ്.

യുവശക്തി മാനുവലിന്റെ അടിസ്ഥാനത്തിലാണ് യുവശക്തി പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ എല്ലാ ജില്ലകളിലുമായി 941 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും 14 ജില്ലകളിലുമായിട്ടാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നിയോഗിക്കുന്ന യൂത്ത് കോ-ഓർഡിനേറ്ററാണ് ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ യുവശക്തി പദ്ധതി നടപ്പിലാക്കാനുള്ള നേതൃത്വപരമായ പങ്ക് വഹിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങൾക്ക് പുറമേ ജില്ലാതലത്തിലും യൂത്ത് കോ-ഓർഡിനേറ്റർ പ്രവർത്തിക്കുന്നത്. പ്രതിമാസ ഓണറേറിയം വ്യവസ്ഥയിലാണ് യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നത്.

**ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ:-** യുവശക്തി പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ഒരു ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ പ്രവർത്തിക്കുന്നു.

**ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ:-** പഞ്ചായത്തുകളുടെഎണ്ണത്തിനനുസരണമായി ഒരു ബ്ലോക്കിൽ ആവശ്യമായ കോ-ഓർഡിനേറ്റർമാരെ ***(ഒരു കോ-ഓർഡിനേറ്റർക്ക് ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ ചുമതല)*** നിയോഗിച്ചുവരുന്നു. **മുൻസിപ്പൽ, കോർപ്പറേഷൻതല കോ-ഓർഡിനേറ്റർമാർ:-** മുനിസിപ്പാലിറ്റിയിൽ ഓരോ കോ-ഓർഡിനേറ്റർമാരെയും കോർപ്പറേഷനിൽ രണ്ടുവീതം കോ-ഓർഡിനേറ്റർമാരെയും നിയോഗിക്കുന്നു.

ടി പരിപാടിക്കായി 12,33,00,000/- രൂപ ചെലവഴിച്ചു.

## 24) ദേവികുളം നാഷണൽ അഡ്വഞ്ചർ അക്കാഡമി നിർമ്മാണം

ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്.

യുവജനങ്ങൾക്കിടയിൽ സാഹസിക കായിക വിനോദങ്ങളുടെ പ്രാധാന്യം പ്രചരിപ്പിക്കുക, അവരുടെ കായികവു മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിന് സാഹസിക കായിക വിനോദങ്ങൾ ഉപയോഗപ്പെടുത്തുക, സാഹസിക ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിൽ യുവാക്കളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, സ്കൂൾ, കോളേജ് ക്ലബ്ബുകൾ മുതലായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പരിശീലനങ്ങൾ നൽകുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യങ്ങളോട് കൂടിയാണ് ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്കാഡമിയുടെ നേതൃത്വത്തിൽ നിരവധി ട്രെക്കിംഗ് പരിപാടികൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായുള്ള നിരവധി പരിശീലന പദ്ധതികൾ, അഡ്വഞ്ചർ കാർണിവലുകൾ മുതലായവ ഈ കേന്ദ്രം വഴി സംഘടിപ്പിക്കുന്നുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിച്ചു വരുന്ന ദേശീയ സാഹസിക അക്കാദമി പ്രവർത്തിക്കുന്ന മന്ദിരം കാലപ്പഴക്കം കാരണം പ്രവർത്തനക്ഷമമല്ലാത്തതിനാൽ നിലവിലുള്ള കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിർമ്മാണ പ്രവർത്തങ്ങളുടെ ഉദ്ഘാടനം 2025 മാർച്ച് 27 ന് സംഘടിപ്പിച്ചു.

**അനുബന്ധം- II**

**2021 മുതൽ 2026 വരെ യുവജന കമ്മീഷന് (Plan Head) കേരള സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ.**

| Year | Paln Head |
|---|---|
| 2021-22 | 75,42,000 |
| 2022-23 | 62,00,000 |
| 2023-24 | 63,00,000 |
| 2024-25 | 50,00,000 |
| 2025-26 | 35,00,000 |

## അനുബന്ധം- III

**2020 മുതൽ 2026 വരെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ.**

| **വർഷം** | **അനുവദിച്ച തുക** |
|---|---|
| 2020-21 | 7,34,29,000 |
| 2021-22 | 7,90,37,445 |
| 2022-23 | 11,82,00,000 |
| 2023-24 | 11,23,64,000 |
| 2024-25 | 7,12,40,000 |
| 2025-26 (2026 ജനുവരി 28 വരെ) | 3,82,64,550 |